9322
6/10/20

# കേരള സർക്കാർ

## സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കണ്ണൂർ — 2019-ൽ ജില്ലയിലുണ്ടായ പ്രളയത്തോടനുബന്ധിച്ച് രക്ഷാപ്രവർത്തനത്തിൽ സ്തുത്യർഹമായ സേവനം നടത്തിയതിൽ ജീവനക്കാരെ അഭിനന്ദിക്കുന്നതിനുള്ള ചടങ്ങ് നടത്തിയതുമായി ബന്ധപ്പെട്ട് ചെലവായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് കണ്ണൂർ കളക്ടർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (സാധാ) നം. **2257/2020/റവ.** തിരുവനന്തപുരം, തീയതി, 24.06.2020.

===========================================================================

പരാമർശം:- 19.11.2019-ലെ കണ്ണൂർ ജില്ലാ കളക്ടറുടെ DCKNR/3478/2019/D നമ്പർ കത്ത്.

## ഉത്തരവ്

2019-ൽ കണ്ണൂർ ജില്ലയിലുണ്ടായ പ്രളയത്തോടനുബന്ധിച്ച് രക്ഷാപ്രവർത്തനത്തിൽ സ്തുത്യർഹമായ സേവനം നടത്തിയ ജീവനക്കാരെയും രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട മത്സ്യത്തൊഴിലാളികളേയും അഭിനന്ദിക്കുന്നതിനുള്ള ചടങ്ങ് 24.08.2019-ൽ കണ്ണൂർ കളക്ടറേറ്റ് ആഡിറ്റോറിയത്തിൽ വച്ച് ബഹു. കേരള മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരുടേയും സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായെന്നും ആയതിന് ആകെ 87,158/- രൂപ (എൺപത്തേഴായിരത്തി നൂറ്റി അൻപത്തെട്ട് രൂപ മാത്രം) ചെലവായി എന്നും പ്രസ്തുത തുക എത്രയും പെട്ടെന്ന് അനുവദിച്ച് നൽകണമെന്നും കണ്ണൂർ ജില്ലാകളക്ടർ പരാമർശപ്രകാരം അഭ്യർത്ഥിച്ചു.

2. പ്രസ്തുത അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ചു. 2019-ൽ കണ്ണൂർ ജില്ലയിലുണ്ടായ പ്രളയത്തോടനുബന്ധിച്ച് രക്ഷാപ്രവർത്തനത്തിൽ സ്തുത്യർഹമായസേവനം നടത്തിയ ജീവനക്കാരെയും രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട മത്സ്യത്തൊഴിലാളികളേയും അഭിനന്ദിക്കുന്നതിനുള്ള ചടങ്ങ് 24.08.2019-ൽ കണ്ണൂർ കളക്ടറേറ്റ് ആഡിറ്റോറിയത്തിൽ വച്ച് ബഹു. കേരള മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരുടേയും സാന്നിദ്ധ്യത്തിൽ നടത്തിയതിന് ആകെ ചെലവായ 87,158/- രൂപ (എൺപത്തേഴായിരത്തി നൂറ്റി അൻപത്തെട്ട് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കണ്ണൂർ ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന 87,158/- രൂപ (എൺപത്തേഴായിരത്തി നൂറ്റി അൻപത്തെട്ട് രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ. ടി.കെ.,
ജോയിന്റ് സെക്രട്ടറി.

ജില്ലാ കളക്ടർ, കണ്ണൂർ

..2/-

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Bindumol K N

സെക്ഷൻ ഓഫീസർ.